"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡി.ബി2/259/2021/തസ്വഭവ.
തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 18-04-2022

## സർക്കുലർ

വിഷയം:- തസ്വഭവ - കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡോക്ടർമാരുടെയും നഴ്സുമാരുടെയും വേതനം പുതുക്കി നിശ്ചയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 11/02/2021-ലെ സ.ഉ (പി) നം.29/2021/ധന.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 02/12/2021-ലെ സി.സി തീരുമാനം നം. 4.37.

************************

സി.എച്ച്.സി.കളിൽ ഉച്ചകഴിഞ്ഞുള്ള ഒ.പി.യ്ക്ക് അധികമായി നിയമിക്കുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും ഹെൽത്ത് മിഷൻ മാനദണ്ഡ പ്രകാരമുള്ള വേതനം നൽകാൻ അനുമതിയുണ്ട്. കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 30/11/2018-ലെ തീരുമാന പ്രകാരമിറക്കിയ 17/01/2019-ലെ 442/ഡി.ബി2/2018/തസ്വഭവ നമ്പർ സർക്കുലർ അനുസരിച്ച് ആരോഗ്യ വകുപ്പിന്റെ അഡ്ഹോക്ക് നിയമന പ്രകാരമുള്ള വേതനം നൽകാൻ അനുമതിയുണ്ട്. സൂചന 1 - പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന നേഴ്സുമാർക്കും, ഡോക്ടർമാർക്കും നൽകുന്ന വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ദിവസവേതനം/കരാർ ജീവനക്കാരുടെ വേതനം സംബന്ധിച്ചാണ്. മേൽ ഉത്തരവ് പ്രകാരം, നഴ്സുമാർക്ക് പ്രതിമാസം പരമാവധി 24,250/- രൂപയും ഡോക്ടർമാർക്ക് 57,525/- രൂപയുമാണ് നല്കാവുന്നത്. എന്നാൽ ആരോഗ്യ വകുപ്പിന്റെ അഡ്ഹോക്ക് നിയമന പ്രകാരം പുതിയതായി നിയമിക്കപ്പെടുന്ന നേഴ്സ്/ഡോക്ടർമാരുടെ അടിസ്ഥാന ശമ്പളമാണ് നൽകേണ്ടത്.

ഈ സാഹചര്യത്തിൽ, കോർഡിനേഷൻ കമ്മിറ്റിയുടെ 30/11/2018-ലെ തീരുമാന പ്രകാരം ഇറക്കിയ 17/01/2019-ലെ 442/ഡി.ബി2/2018/തസ്വഭവ നമ്പർ സർക്കുലർ അനുസരിച്ച് മേൽ നിരക്കിലുള്ള വേതനമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനം നിയമിക്കുന്ന ഡോക്ടർമാർക്കും പാരമെഡിക്കൽ സ്റ്റാഫിനും നൽകേണ്ടതെന്ന് വ്യക്തത വരുത്തുന്നു. ഇതു പ്രകാരം നിലവിൽ (പുതിയ നിരക്ക്) പ്രതിമാസം നേഴ്സുമാർക്ക് (Grade II) 39,300 രൂപയും ഡോക്ടർമാർക്ക് 63,700 രൂപയും നൽകാവുന്നതാണ്.

BIJU PRABHAKAR
SECRETARY

Signed by Reenamma P A
Date: 19-04-2022 16:49:23

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ (വിംഗ്), ഐ&പി.ആർ.ഡി, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.